പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1521 | | 15.06.2012 ൽ മറുപടിയ്ക്ക് |
|---|---|---|
| കോഴിക്കോട് ജില്ലയിലെ അംഗൻവാടികൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) കോഴിക്കോട് ജില്ലയിൽ 865 അംഗൻവാടികൾക്ക് കെട്ടിടമില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഐസിഡിഎസ് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ സംയുക്ത സേവനം ഉപയോഗപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയാണ് സ്ഥലം ലഭ്യമായ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നത്. സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്വന്തം സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച് നൽകാറുണ്ട്. |
| (സി) | കോഴിക്കോട് ജില്ലയിലെ ചില അംഗൻവാടികളിൽ പോഷകാഹാര വിതരണം കൃത്യമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കോഴിക്കോട് ജില്ലയിലെ ചില അംഗൻവാടികളിൽ ടിഎച്ച്ആർഎസ് ന്യൂട്രീമിക്സ് ഇറക്കുവാൻ വൈകിയത് കൊണ്ട് കുറച്ച് ദിവസങ്ങളിൽ പോഷകാഹാര വിതരണം തടസ്സപ്പെട്ടിരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അംഗൻവാടികളിൽ പോഷകാഹാരം കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത അംഗൻവാടികളിൽ പോഷകാഹാര വിതരണത്തിന് തടസ്സം നേരിട്ടത് പരിഹരിക്കുന്നതിനായി കുടുംബ ശ്രീ മിഷൻ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് വേണ്ട നിർദ്ദേശം കോഴിക്കോട് പ്രോഗ്രാം ഓഫീസ് മുഖാന്തിരം നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ